പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം.

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 02.11.2011 -ൽ |
| ചോദ്യം നം. 692 | മറുപടിക്ക് |

സ്കോളർഷിപ്പ് തുക.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ.പി.കെ.അബ്ദുറബ്ബ്,<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സാമ്പത്തിക പിന്നോക്കാവസ്ഥ പഠനത്തിന് പ്രതികൂലമാകാതിരിക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയ സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക പിന്നോക്കാവസ്ഥ പഠനത്തിന് പ്രതികൂലമാകാതിരിക്കുന്നതിനു വേണ്ടി പ്രത്യേക യോഗ്യത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ സ്കോളർഷിപ്പുകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വർദ്ധിച്ചുവരുന്ന പഠനച്ചെലവിനാനുപാതികമായി ഇവ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിലുള്ള സ്കോളർഷിപ്പ് തുകകൾ പഠനച്ചെലവിനാനുപാതികമായി വർദ്ധിപ്പിക്കുന്നതിനുള്ള അധിക സാമ്പത്തിക ബാദ്ധ്യത കൂടി കണക്കിലെടുത്തേ ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നല്കുന്ന സ്കോളർഷിപ്പുകൾ

| ക്രമ നം. | സ്കോളർഷിപ്പ് | നിശ്ചിത വരുമാന പരിധി | സ്കോളർഷിപ്പ് അനുവദിക്കുന്ന വിഭാഗം |
|---|---|---|---|
| 1. | മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2.5 ലക്ഷം രൂപ | ബിരുദ ബിരുദാനന്തര ബിരുദ പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് |
| 2 | കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് | 1 ലക്ഷം രൂപ | ഹയർ സെക്കന്ററി ബിരുദ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് |
| 3 | കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് | ദാരിദ്ര്യ രേഖ (BPL)ക്ക് താഴെയുള്ള കുടുംബങ്ങളിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് | ബിരുദ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് |
| 4 | സംസ്കൃത പഠന പ്രോൽസാഹന സ്കോളർഷിപ്പ് | 1 ലക്ഷം രൂപ | 11-ാംക്ലാസ്സ്, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ ( സംസ്കൃതം ഒരു വിഷയമായെടുത്ത് പരീക്ഷ പാസ്സായിരിക്കണം) |
| 5 | സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് | 4½ ലക്ഷം രൂപ | പ്രൊഫഷണൽ കോഴ്സ് ഉൾ പ്പെടെ ഏതെങ്കിലും ബിരുദ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് |
| 6 | മുസ്ലീം നാടാർ സ്കോളർഷിപ്പ് | 18000/- രൂപ | മുസ്ലീം നാടാർ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് പുറമെ പിന്നാക്ക സമുദായങ്ങളിൽ പ്പെട്ട വിദ്യാർത്ഥിനികൾക്കും മുന്നോക്ക സമുദായങ്ങളിൽ പ്പെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ള പെൺകുട്ടികൾക്കും അനുവദിക്കും. |
| 7 | അന്ധ-ബധിര വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1. 25000/- രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനം | അന്ധ വിദ്യാർത്ഥകൾക്ക് (ഫീസ് ആനുകൂല്യത്തോടൊപ്പം ഹോസ്റ്റൽ ആനുകൂല്യം / ബോർഡിംഗ് ഗ്രാന്റ് ആനുകൂല്യവും നൽകുന്നു.) |
| | | 2. 25000/- ന് മേൽ 50000/- ന് താഴെ | അന്ധ വിദ്യാർത്ഥികൾക്ക് (ഹോസ്റ്റൽ ആനുകൂല്യം/ ബോർഡിംഗ് ആനുകൂല്യം) |
| | | 3. 50000/- ന് താഴെ | മറ്റ് വികലാംഗ വിദ്യാർത്ഥികൾക്ക് (ഹോസ്റ്റൽ ആനുകൂല്യം/ ബോർഡിംഗ് ഗ്രാന്റ് ആനുകൂല്യം) |

| | | | |
|---|---|---|---|
| 8 | മ്യൂസിക് ഫൈൻ ആർട്ട്സ് സ്കോളർഷിപ്പ് | 1 ലക്ഷം രൂപ | ബിരുദ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് |
| 9 | പ്രൈമറി, സെക്കന്ററി സ്കൂൾ, അദ്ധ്യാപകരുടെ മക്കളുടെ വിദ്യാഭ്യാസ പ്രോൽസാഹനത്തിനുള്ള സ്കോളർഷിപ്പ് | 1 ലക്ഷം രൂപ | +1, ബിരുദം |
| 10 | പോസ്റ്റ് മെട്രിക് മൈനോരിറ്റി സ്കോളർഷിപ്പ് | 2 ലക്ഷം രൂപ | ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, സിഖ്, പാഴ്സി സമുദായങ്ങളിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് |
| 11 | മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് | 2.5 ലക്ഷം രൂപ | ക്രിസ്ത്യൻ, മുസ്ലീം, വിഭാഗങ്ങളിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് |

**2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേന നല്കുന്ന സ്കോളർഷിപ്പുകൾ**

1. മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് (100% സെൻട്രലി സ്പോൺ സേർഡ് സ്കീം)
2. മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് (MCM സ്കോളർഷിപ്പ്)

**3. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നല്കുന്ന സ്കോളർഷിപ്പുകൾ**

1. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീം

**4. പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന നല്കുന്ന സ്കോളർഷിപ്പുകൾ**

1. മുസ്ലീം /നാടാർ/ ആംഗ്ലോ ഇൻഡ്യൻ/ മറ്റു പിന്നോക്ക/ ദാരിദ്ര രേഖയ്ക്കു താഴെ വരുമാനമുള്ള മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
2. ന്യൂനപക്ഷ വിഭാഗത്തിലെ മുസ്ലീം/ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കായി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
3. നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പദ്ധതി
4. കോളേജ്/ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി ഹയർ സെക്കന്ററി വകുപ്പ് മുഖേന നൽകുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

സെക്ഷൻ ഓഫീസർ